LIBRARY ARCHIVES Kerala Legislative Assembly

**എല്ലാ വിഭാഗം റേഷൻ കാർഡുടമകൾക്കും രണ്ട് രൂപാ നിരക്കിൽ അരി നൽകുവാൻ നടപടി**

12 (*11) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡുടമകൾക്കും രണ്ടുരൂപാ നിരക്കിൽ അരി നല്കുന്നകാര്യം സർക്കാർ പരിഗണിച്ചിരുന്നുവോ ;

(ബി) എങ്കിൽ എന്നുമുതൽ ഈ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) വരുമാനപരിധി മാനദണ്ഡമാക്കാതെ എല്ലാ കുടുംബത്തിനും പ്രതിമാസം എത്ര കിലോ അരിവീതം ലഭ്യമാക്കാനാണ് തൂരുമാനിച്ചിട്ടുള്ളത് ;

(ഡി) ഇതിനായി ആവശ്യമായ അരി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ-ഡി) പുതുതായി 25 വിഭാഗങ്ങളിലായി 5 ലക്ഷം കുടുംബങ്ങൾ ഉൾപ്പെടെ 40 ലക്ഷം കുടുംബങ്ങളെ രണ്ടുരൂപ നിരക്കിൽ അരി വിതരണം ചെയ്യുന്ന പദ്ധതിയിൽ സർക്കാർ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വരുമാനപരിധി മാനദണ്ഡമാക്കാതെ കേരളത്തിലെ എല്ലാ കുടുംബങ്ങൾക്കും ഈ പദ്ധതി ബാധകമാക്കുന്നതിന് പല ഘടകങ്ങളും പരിശോധിക്കേണ്ടതുണ്ട്.

**സംസ്ഥാനത്തെ പദ്ധതി നിർവ്വഹണം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ**

13 (*12) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പദ്ധതി നിർവ്വഹണം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാരുകൾ മാറിമാറി വരുന്നതനുസരിച്ച് പദ്ധതികളുടെ ആസൂത്രണവും നടത്തിപ്പും മാറ്റുന്നത് തടയുന്നതിനാവശ്യമായ എന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത് ;

(സി) ഇതു സംബന്ധിച്ച് സംസ്ഥാന ആസൂത്രണ ബോർഡ് എന്തൊക്കെ ശുപാർശകളാണ് പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?